പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6115** **20.11.2019-ൽ മറുപടിയ്ക്ക്**

## കിർത്താഡ്സിലെ നിയമനങ്ങൾ

**ചോദ്യം**

ശ്രീ.പി.കെ.ബഷീർ

**മറുപടി**

എ.കെ.ബാലൻ

(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | കിർത്താഡ്സ് വകുപ്പിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അനുമതി നിരസിച്ച ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന് അന്തർവകുപ്പ് സ്ഥലം മാറ്റം നൽകിയതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ എറണാകുളം ജില്ലാ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റിൽ നിന്നും ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ കിർത്താഡ്സ് വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി നിയമിതയായ ശ്രീമതി.നിജ.കെ.ഐ യുടെ അഡ്വക്കേറ്റ് ജനറൽ ഓഫീസിലേക്കുള്ള അന്തർവകുപ്പ് സ്ഥലംമാറ്റത്തിനുള്ള അപേക്ഷ നിരസി ച്ചിട്ടുള്ളതാണ്. എന്നാൽ ശ്രീമതി.നിജ.കെ.ഐയുടെ അപേക്ഷ പരിഗണിച്ചും കിർത്താഡ്സ് ഡയറക്ടറുടെ 13/07/2018-ലെ നം.ബി-3053/2018 നമ്പർ കത്ത് പ്രകാരവും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 07/03/2019-ലെ നം.ED2/30047/18/DTE നമ്പർ നടപടിക്രമം അനുസരിച്ച് അന്തർവകുപ്പ് സ്ഥലംമാറ്റം നൽകിയിട്ടുണ്ട്. |
| ബി) | എങ്കിൽ ഇതുമായി ബന്ധപ്പെട്ട 264/ഇ 2/2016/എസ്.സി.എസ്.ടി. ഡി.ഡി നമ്പർ ഫയലിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ; | ബി) | പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു. |
| സി) | കിർത്താഡ്സ് വകുപ്പിൽ താൽ ക്കാലികം/കരാർ നിയമനം നടത്തിയ ജീവനക്കാരെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്ഥിര പ്പെടുത്തി മുൻകാല പ്രാബല്യത്തിൽ ആനുകൂല്യങ്ങൾ ~~നൽകിയിട്ടുണ്ടോ;~~ വിശദാംശം നൽകുമോ; | സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കിർത്താഡ്സ് വകുപ്പിൽ താല്ക്കാലിക/കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| ഡി) | കിർത്താഡ്സ് വകുപ്പിൽ സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ സ്പെഷ്യൽ റൂളിൽ വ്യക്തമായ യോഗ്യത നിശ്ചയിച്ചിട്ടുള്ള കിർത്താഡ്സ് ഡയറക്ടർ തസ്തികയിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള വ്യവസ്ഥകൾ, യോഗ്യത ഇവ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | ഡി) | 11/10/2007-ലെ G.O(P)No.60/2007/SCSTDD പ്രകാരം സ്പെഷ്യൽ റൂൾസ് രൂപീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം കിർത്താഡ്സ് ഡയറക്ടർ തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യത അനുബന്ധം -II ആയി ചേർക്കുന്നു. |
| ഇ) | വ്യവസ്ഥകൾക്ക് വിരുദ്ധമായി ആർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ

File No: SCSTDD-E2/264/2016-SCSTDD

ഭാഗം - I

# Govt. of Kerala

Kerala

SCSTD

SCSTDD (E)

## SUBJECT

Main Category :

Sub Category :

Description : Confidential Assistant Grade II-Inter departmental Transfer-mutual-Reg

## OTHER DETAILS

Retention :

Priority :

Language :

Remarks :

Receipt No I/1055647/2016/SCSTDD

05/12/16

"ഭരണഭാഷ-മാതൃഭാഷ"

നമ്പർ. ബി 3355/2016

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട് - 673 017
ഫോൺ നമ്പർ - 0495 2356805
ഫാക്സ് നമ്പർ - 0495 2357329
ഇ-മെയിൽ - kirtads@gmail.com
തീയ്യതി : 30/11/2016.

ഡയറക്ടർ

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി
പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

സർ,

വിഷയം : കിർടാഡ്സ് - കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ പരസ്പര അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന:
1. കേരള സംസ്ഥാന അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ നിന്നുള്ള 18/11/2016 ലെ എഡി.എ2-40833/2016 നമ്പർ കത്ത്.
2. ഈ ഓഫീസിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 ആയ ശ്രീമതി. നിജ കെ.ഐ യുടെ അപേക്ഷ.

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. കോഴിക്കോട് ജില്ലയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ പരീക്ഷ എഴുതി ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ അഡ്വക്കേറ്റ് ജനറൽ ഓഫീസ് എറണാകുളത്ത് നിയമിതയായ ആളാണ് ശ്രീമതി ദിനി പി. അത് പോലെ എറണാകുളം ജില്ലയിൽ പരീക്ഷ എഴുതി ഹെഡ്ക്വാട്ടേഴ്സ് ഒഴിവിൽ കിർടാഡ്സ് ഓഫീസിൽ നിയമിതയായ ആളാണ് ശ്രീമതി നിജ.കെ.ഐ.

ഈ കാര്യാലയത്തിലെ രണ്ടാം ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ആയ ശ്രീമതി നിജ കെ.ഐ - ക്കും കേരള സംസ്ഥാന അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ രണ്ടാം ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ആയ ശ്രീമതി ദിനി പി - യുമായി പരസ്പര അന്തർ വകുപ്പു സ്ഥലംമാറ്റം അനുവദിക്കുന്നതിനുള്ള അപേക്ഷ ഇതോടൊപ്പം മേൽ നടപടികൾക്കായി സമർപ്പിക്കുന്നു.

പരസ്പര അന്തർ വകുപ്പു സ്ഥലം മാറ്റം അനുവദിക്കുന്ന പക്ഷം ശ്രീമതി ദിനി പി.യെ അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ നിന്നും വിടുതൽ ചെയ്യുന്നതിന് തടസ്സമില്ലാ എന്ന് സൂചന ഒന്നിലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതുപോലെ ശ്രീമതി നിജ കെ.ഐ യെ വിടുതൽ ചെയ്യുന്നതിന് ഈ വകുപ്പിൽ നിന്നും തടസ്സമില്ല എന്നും അറിയിക്കുന്നു.

3

പ്രേക്ഷിതൻ

നിജ. കെ.ഐ
കോൺഫിഡൻഷ്യൽ അസിസ്ററന്റ് ഗ്രേഡ് II
കിർടാഡ്സ്, കോഴിക്കോട്.

സ്വീകർത്താവ്

അഡ്വക്കേററ് ജനറൽ
അഡ്വക്കേററ് ജനറൽ ഓഫീസ്
എറണാകുളം

സർ,

വിഷയം:- കിർടാഡ്സ്, കോഴിക്കോട്- ജീവനക്കാര്യം- കോൺഫിഡൻഷ്യൽ അസിസ്ററന്റ് ഗ്രേഡ് II - മ്യൂച്ചൽ ട്രാൻസ്ഫറിനുളള അപേക്ഷ സംബന്ധിച്ച്.

എറണാകുളം ജില്ലയ്ക്ക് വേണ്ടി പി.എസ്.സി. പരീക്ഷ എഴുതി ഹെഡ് ക്വാർട്ടർ വേക്കൻസിയിൽ കോൺഫിഡൻഷ്യൽ അസിസ്ററന്റായി കിർടാഡ്സ്, കോഴിക്കോട് 29.08.2016ന് ഞാൻ ജോലിയിൽ പ്രവേശിച്ചു. എനിക്ക് ആറും ഒന്നര വയസ്സും പ്രായമായ കുട്ടികളാണ്. ചെറിയ കുഞ്ഞുങ്ങളേയും പ്രായമായ മാതാപിതാക്കളേയും നാട്ടിൽ നിറുത്തി കോഴിക്കോട് താമസിച്ച് ജോലി ചെയ്യാൻ ഞാൻ വളരെ അധികം പ്രയാസം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. മൂത്ത കുട്ടി 1-ാം ക്ലാസ്സിൽ കളമശ്ശേരി സെന്റ് ജോസഫ് സ്കൂളിൽ പഠിക്കുകയാണ്. വീട്ടിലെ എന്റെ അസാന്നിധ്യം മകളുടെ വിദ്യാഭ്യാസത്തെയും കുടുംബത്തിലാകെയും വലിയ മാനസിക പ്രയാസത്തിനിടയാക്കിയിരിക്കുകയാണ്.

കോഴിക്കോട് ജില്ലയ്ക്ക് വേണ്ടി പി.എസ്.സി. പരീക്ഷ എഴുതി ഹെഡ് ക്വാർട്ടർ വേക്കൻസിയിൽ കോൺഫിഡൻഷ്യൽ അസിസ്ററന്റായി അഡ്വക്കേററ് ജനറൽ ഓഫീസ്, എറണാകുളത്ത് 24.10.2016 ജോലിയിൽ പ്രവേശിച്ച ശ്രീമതി. ദിനി.പി. എന്ന ഉദ്യോഗാർത്ഥി കോഴിക്കോട് സ്വദേശിയാണ്. കിർടാഡ്സ്, കോഴിക്കോട് ജില്ലയിൽ അവർക്ക് ജോലിയിൽ പ്രവേശിക്കുവാൻ സമ്മതമാണ്.

ഞങ്ങളുടെ രണ്ടുപേരുടേയും കുടുംബത്തിലേയും കുട്ടികളുടേയും പ്രശ്നങ്ങൾ പരിഗണിച്ച് മ്യൂച്ചൽ ഇന്റർ ഡിപാർട്ട്മെന്റ് ട്രാൻസ്ഫറിന് അനുമതി നൽകി ഉത്തരവാക

4

ണമെന്ന് താഴ്മയായി അപേക്ഷിച്ചു കൊള്ളുന്നു. ശ്രീമതി. ദിനി. പി. എന്നവരുടെ സമ്മത പത്രവും നിയമാനുസൃത ഡിക്ലറേഷനും ഇതോടൊപ്പം സമർപ്പിക്കുന്നു

എന്ന്,

വിനയപൂർവ്വം
നിജ. കെ.ഐ
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II

31.10.2016
കോഴിക്കോട്

ceipt No : 1055647/2016/SCSTDD

5

# APPLICATION FOR INTER - DEPARTMENTAL TRANSFER

*(To be filled up by the candiate requesting for Inter-Departmental Transfer / Mutual Transfer)*

| | | | |
|---|---|---|---|
| 1. | Name of Applicant | : | NIJA K J |
| 2. | Designation and Present Office Address | : | CONFIDENTIAL ASSISTANT KIRTADS, DIRECTORATE OF KIRTADS CHEVAYUR P.O, KOZHIKKODE-17 |
| 3. | Date of Birth | : | 12.05.1984 |
| 4. | Date of first entry in service | : | 29.08.2016 |
| 5. | Number and date of Advice and the name of the DRB thro' which recruited. If dying in harness appointment G.O. No. & date | : | FILE NO. EV(2)1735/11 dtd 23.7.16 |
| 6. | Number and date of Appointment Order | : | ORDER NO. B/4862/2014 dt 22.8.16 |
| 7. | Date of commencement of continuous service | : | 29.08.2016 |
| 8. | Whether the Provisional Appoitment has been regularised after Police Verification. If so, the Order No. & date | : | NO |
| 9. | Native Place with District | : | EDAPPALLY, ERNAKULAM |
| 10. | Department of Choice | : | ADVOCATE GENERAL OFFICE, ERNAKULAM |
| 11. | District of Choice | : | ERNAKULAM |
| 12. | Reason for linter-Department Transfer | : | FOR GETTING IN THE OPTED DISTRICT AND FOR BETTER CONVIENCE |
| 13. | Details of Provisional Service, if any | : | NO |
| 14. | Details of Departmental Tests passed, if any | : | NO |
| 15. | Whether any disciplinary action is pending, if so details | : | NO |
| 16. | Whether member of SC / ST | : | NO |
| 17. | Other items, if any | : | NO |
| 18. | Remarks | : | NO |

SUKUMAR

ceipt No : 1055647/2016/SCSTDD

6

# DECLARATION

I do hereby declare that I am willing to abide by the terms and conditions governing Inter - Department for Government employees as laid down in G.O. (Ms.) No. 4/61/PD dated 2-1-1961 & G.O. (P) No. 442/80/GAD dated 26-9-1980 read with G.O. (Ms) No. 180/81/GAD dated 3-6-1981.

*I also agree to be ranked as junior to the junior - most in the ..ADVOCATE....GENERAL..OFFICE department on the date of joining duty in the department.

Place: KOZHIKKODE

Date: 28.10.2016

NIJA.K.I
CONFIDENTIAL ASSISTANT
*Signature of the Applicant with Name and Designation*

# CERTIFICATE OF THE HEAD OF OFFICE

Certified that I have verified the Service Book and other relevant records of the incumbent and that the details furnished above are correct.

Place: Kozhikode.17

Date: 11.10.16

Dr. L. Bindu
Director
Kerala Institute for Research Training and Development Studies of Sch.Castes&Sch.Tribes (KIRTADS),Chevayur.P.O Kozhikode - 673017

*Signature, Name and Designation of Head of Department*

* To be scored off if not applicable

eceipt No : 1055647/2016/SCSTDD

7

# PROFORMA FOR INTER - DEPARTMENTAL TRANSFER

[*Circular No. 2452/Adv. C3/90/P&ARD dated 17-4-1990*]

| | | | |
|---|---|---|---|
| 1. | District in which the candidate was advised by Kerala Public Service Commission for appointment and the name of the post to which appointed | : | KPSC, ERNAKULAM, CONFIDENTIAL ASSISTANT GRADE II |
| 2. | Date of Birth | : | 12.05.1984 |
| 3. | Qualifications | : | DIPLOMA IN COMMERCIAL PRACTICE, PLUS TWO, BCom. |
| 4. | Date of commencement of continuous service | : | 29.08.2016 |
| 5. | Whether the temporary appointment has been regularised after verification of character and antecedents and the facts noted in the Service book | : | NO. |
| 6. | Native Place | : | ERNAKULAM |
| 7. | Whether probation has been declared | : | NO |
| 8. | Whether the applicant is willing to abide by the terms and conditions of Inter-Departmental Transfer prescribed in G.O. (Ms) No. 4/61/PD dated 2-1-1961 (A statement to be obtained and forwarded) | : | YES |
| 9. | Work and conduct with specific reference to his nature of attendance in the Office | : | Good |
| 10. | Whether any disciplinary action is pending against the individual | : | NO |
| 11. | Any objection to relieve the incumbent on Inter - Departmental Transfer? | : | NO |

SUKUMAR

Station: KOZHIKKODE

Date: 28.10.16

*Signature and Designation of the Head of Office*

**Director**
**Kerala Institute for Research Training and Development Studies of Sch.Castes&Sch.Tribes (KIRTADS), Chevayur.P.O Kozhikode - 673017**

46

# WILLINGNESS DECLARATION

I ..........NIJA. K. I.......... working in the office of the ..........KIRTADS.......... .......... is willing for mutual inter-departmental transfer with ..........DINI. P.......... who is working in the office of the ..........ADVOCATE GENERAL .......... ERNAKULAM ..........

Place : KOZHIKKODE

Date: 28.10.16

Signature: Nija

Name: NIJA.K.I

Designation: CONFIDENTIAL ASSISTANT

I ..........DINI . P.......... working in the office of the ..........ADVOCATE GENERAL ERNAKULAM .......... is willing for mutual inter-departmental transfer with ..........NIJA. K. I.......... who is working in the office of the ..........KIRTADS, KOZHIKKODE ..........

Place : ERNAKULAM

Date: 28.10.10

Signature: Dini

Name: DINI. P.

Designation: CONFIDENTIAL ASSISTANT GRADE II

SUKUMAR

പ്രേഷിതൻ

ദിനി. പി
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II,
അഡ്വക്കേറ്റ് ജനറൽ ഓഫീസ്,
എറണാകുളം.

സ്വീകർത്താവ്

ഡയറക്ടർ,
കിർത്താഡ്സ്,
കോഴിക്കോട്.

സർ

വിഷയം :- അഡ്വക്കേറ്റ് ജനറൽ ഓഫീസ് എറണാകുളം - ജീവനക്കാര്യം - കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II - മ്യൂച്വൽ ട്രാൻസ്ഫറിനുള്ള അപേക്ഷ സംബന്ധിച്ച്

കോഴിക്കോട് ജില്ലക്കുവേണ്ടി പി.എസ്.സി പരീക്ഷ എഴുതി ഹെഡ് ക്വാർട്ടർ വേക്കൻസിയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി അഡ്വക്കേറ്റ് ജനറൽ ഓഫീസ് എറണാകുളം 24-10-2016ന് ജോലിയിൽ പ്രവേശിച്ചു. എനിക്ക് ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിയും അഞ്ചു വയസ്സുള്ള ഒരു മകനുമുണ്ട്. രണ്ടു മക്കളേയും സംരക്ഷിക്കുന്നത് 75 വയസ്സുള്ള അമ്മയാണ്. പ്രായമായ മാതാവിനേയും മക്കളേയും നാട്ടിൽ നിർത്തി എറണാകുളം താമസിച്ച് ജോലി ചെയ്യാൻ ഞാൻ വളരെയധികം പ്രയാസം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. വീട്ടിൽ ഞാൻ ഇല്ലാത്തതു കാരണം മക്കളുടെ പഠനം വളരെ ബുദ്ധിമുട്ടിലാ

എറണാകുളം ജില്ലയ്ക്കുവേണ്ടി പി.എസ്.സി പരീക്ഷ എഴുതി ഹെഡ് ക്വാർട്ടർ വേക്കൻസിയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി കിർട്ടാഡ്സ് കോഴിക്കോട് 29-08-2016 ന് ജോലിയിൽ പ്രവേശിച്ചു. നിജു. കെ. ഐ എന്ന ഉദ്യോഗാർത്ഥി എറണാകുളം സ്വദേശിയാണ്. അഡ്വക്കേറ്റ് ജനറൽ ഓഫീസ് എറണാകുളം ജില്ലയിൽ ജോലിയിൽ പ്രവേശിക്കുവാൻ അവർക്ക് സമ്മതമാണ്.

ഞങ്ങളുടെ രണ്ടു പേരുടേയും കുടുംബത്തിന്റേയും കുട്ടികളുടേയും പ്രശ്നങ്ങൾ പരിഗണിച്ച് മ്യൂച്വൽ ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫറിന് അനുമതി നല്കി ഉത്തരവാകണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു. ശ്രീമതി നിജു. K.I എന്നവരുടെ സമ്മതപത്രവും നിയമനപത്ര ഡിക്ലറേഷനും ഇതോടൊപ്പം സമർപ്പിക്കുന്നു.

എന്ന്,

വിനയപൂർവ്വം,

Dinip

ദിനി പി

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II

28-10-2016

എറണാകുളം

Receipt No : 1055647/2016/SCSTDD

11

# APPLICATION FOR INTER - DEPARTMENTAL TRANSFER

*(To be filled up by the candiate requesting for Inter-Departmental Transfer / Mutual Transfer)*

| | | | |
|---|---|---|---|
| 1. | Name of Applicant | : | DINI · P |
| 2. | Designation and Present Office Address | : | Confidential Assistant Grad II Advocate General office, Ernakulam |
| 3. | Date of Birth | : | 12-07-1979 |
| 4. | Date of first entry in service | : | 24-10-2016 |
| 5. | Number and date of Advice and the name of the DRB thro' which recruited. If dying in harness appointment G.O. No. & date | : | NO. DV (4) 5183/12-1, 06-09-2016 |
| 6. | Number and date of Appointment Order | : | ADA 2-25625/2015 15-10-2016 |
| 7. | Date of commencement of continuous service | : | 24-10-2016 |
| 8. | Whether the Provisional Appoitment has been regularised after Police Verification. If so, the Order No. & date | : | NO |
| 9. | Native Place with District | : | PANANGAD, KOZHIKODE |
| 10. | Department of Choice | : | KIRTADS, KOZHIKODE |
| 11. | District of Choice | : | KOZHIKODE |
| 12. | Reason for Iinter-Department Transfer | : | For better Convenience |
| 13. | Details of Provisional Service, if any | : | NA |
| 14. | Details of Departmental Tests passed, if any | : | NA |
| 15. | Whether any disciplinary action is pending, if so details | : | NA |
| 16. | Whether member of SC / ST | : | NO |
| 17. | Other items, if any | : | NA |
| 18. | Remarks | : | NA |

SUKUMAR

12

# DECLARATION

I do hereby declare that I am willing to abide by the terms and conditions governing Inter - Department for Government employees as laid down in G.O. (Ms.) No. 4/61/PD dated 2-1-1961 & G.O. (P) No. 442/80/GAD dated 26-9-1980 read with G.O. (Ms) No. 180/81/GAD dated 3-6-1981.

*I also agree to be ranked as junior to the junior - most in the ....KIRTADS.................................. department on the date of joining duty in the department.

Dinip
DINI.P Confidential Assistant Grade - II
*Signature of the Applicant with Name and Designation*

Place: Ernakulam

Date: 28-10-2016

# CERTIFICATE OF THE HEAD OF OFFICE

Certified that I have verified the Service Book and other relevant records of the incumbent and that the details furnished above are correct.

K.R. SREEKUMAR
JOINT SECRETARY (ADMN.)
IN CHARGE OF SECRETARY TO ADVOCATE GENERAL
OFFICE OF THE ADVOCATE GENERAL
ERNAKULAM
*Signature, Name and Designation of*
*Head of Department*

Place: Ernakulam

Date: 19.11.16

OFFICE OF THE ADVOCATE GENERAL
ERNAKULAM
KOCHI - 682 031
* KERALA *

* To be scored off if not applicable

Receipt No : 1055647/2016/SCSTDD

13

# PROFORMA FOR INTER - DEPARTMENTAL TRANSFER

[*Circular No. 2452/Adv. C3/90/P&ARD dated 17-4-1990*]

| | | | |
|---|---|---|---|
| 1. | District in which the candidate was advised by Kerala Public Service Commission for appointment and the name of the post to which appointed | : | KOZHIKODE, CONFIDENTIAL ASSISTANT GRADE II |
| 2. | Date of Birth | : | 12-07-1979 |
| 3. | Qualifications | : | Pree Degree, Diploma in Short Hand-Type Writing |
| 4. | Date of commencement of continuous service | : | 24-10-2016 |
| 5. | Whether the temporary appointment has been regularised after verification of character and antecedents and the facts noted in the Service book | : | NO |
| 6. | Native Place | : | KOZHIKODE |
| 7. | Whether probation has been declared | : | NO |
| 8. | Whether the applicant is willing to abide by the terms and conditions of Inter-Departmental Transfer prescribed in G.O. (Ms) No. 4/61/PD dated 2-1-1961 (A statement to be obtained and forwarded) | : | Yes |
| 9. | Work and conduct with specific reference to his nature of attendance in the Office | : | good |
| 10. | Whether any disciplinary action is pending against the individual | : | No |
| 11. | Any objection to relieve the incumbent on Inter - Departmental Transfer? | : | No |

K.R. SREEKUMAR
JOINT SECRETARY (ADMN)
IN CHARGE OF SECRETARY TO ADVOCATE GENERAL
OFFICE OF THE ADVOCATE GENERAL
ERNAKULAM

*Signature and Designation of the Head of Office*

SUKUMAR

Station: Ernakulam

Date: 29-10-2016

OFFICE OF THE ADVOCATE GENERAL
ERNAKULAM
KOCHI - 682 031

Receipt No : 1055647/2016/SCSTDD

14

# WILLINGNESS DECLARATION

I ......D.I.N.I. P.......................................................... working in the office of the ......Advocate.........General, Ernakulam.............
........................................................................................ is willing for mutual inter-departmental transfer with .....N.I.J.A. K. I............................ who is working in the office of the ....K.I.R.T.A.D.S., .......KOZHIKODE.........
........................................................................................

Place : Ernakulam

Date: 28-10-2016

Signature: [signature]

Name: DINI P

Designation: Confidential Assistant Grade II

I .......................NIJA K I.................................................. working in the office of the ......KIRTADS.........KOZHIKKODE.....................
........................................................................................ is willing for mutual inter-departmental transfer with .......DINI P..................................... who is working in the office of the ....ADVOCATE.......GENERAL, .........
..................ERNAKULAM..................................................................

Place : KOZHIKKODE

Date: 28.10.16

Signature: [signature]

Name: NIJA K I

Designation: CONFIDENTIAL ASSISTAN GRADE II

SUKUMAR

eceipt No : 1055647/2016/SCSTDD

15 Speed post

നം. എഡി.എ2 –40833/2016

അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം,
കേരളം, എറണാകുളം,
കൊച്ചി-682 031.

പ്രേഷിതൻ

അഡ്വക്കേറ്റ് ജനറൽ
കേരളം

ഫോൺ 0484 2395050
2395052
2395078

ഫാക്സ് : 0484 2394674

E-mail: advocategeneralkerala@gmail.com

| Date: | 24 | 11 | 16 |
|---|---|---|---|
| Director | | | C.D.A |
| | | | J.S. |
| DD(T) | A.O: | F.O: | |

തീയതി 18.11.2016

സ്വീകർത്താവ്

ഡയറക്ടർ,
KIRTADS, ചേവായൂർ,
കോഴിക്കോട് - 17.

സർ,

വിഷയം:- ഭരണവിഭാഗം (എ) - അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം എറണാകുളം - പരസ്പര അന്തർവകുപ്പുസ്ഥലംമാറ്റം അനുവദിക്കുന്നതിനായുള്ള അപേക്ഷ അയയ്ക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. ശ്രീമതി.ദിനി.പി-യുടെ 28.10.2016 തീയതിയിലെ അപേക്ഷ.
2. താങ്കളുടെ 10.11.2016 തീയതിയിലെ ബി-3355/2016 നമ്പർ കത്തും ഉള്ളടക്കവും.

. . . . . . .

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഈ കാര്യാലയത്തിലെ രണ്ടാം ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റായ ശ്രീമതി.ദിനി.പി-യ്ക്കും, താങ്കളുടെ കാര്യാലയത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി.നിജ.കെ.ഐ-യുമായി പരസ്പര അന്തർവകുപ്പുസ്ഥലംമാറ്റം ലഭ്യമാക്കുന്നതിനുള്ള അപേക്ഷ, സൂചന (1) പ്രകാരം ഈ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. ശ്രീമതി.നിജ.കെ.ഐ-യെ താങ്കളുടെ കാര്യാലയത്തിൽ നിന്നും വിടുതൽ ചെയ്യുന്നതിന് സമ്മതമാണെന്ന് അറിയിച്ചുകൊണ്ടുള്ള നിരാക്ഷേപ സാക്ഷ്യപത്രവും സൂചന (2) പ്രകാരം ലഭ്യമായിട്ടുണ്ട്. 02.01.1961-ലെ G.O(MS)4/61/പി.ഡി ഉത്തരവ് പ്രകാരം ഇത്തരം പരസ്പര അന്തർവകുപ്പുസ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഇരു വകുപ്പുകളിലേയും നിയമനാധികാരികൾക്ക് അധികാരമുള്ളതായി കാണുന്നു. ആയതിനാൽ ശ്രീമതി.ദിനി.പി-യുടെ അപേക്ഷ നിയമനാധികാരി സാക്ഷ്യപ്പെടുത്തി ഉചിതമായ തുടർനടപടികൾ കൈക്കൊള്ളുന്നതിനായി ഇതോടൊപ്പം അയയ്ക്കുന്നു. ടിയാൾക്ക് പരസ്പര അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവാകുന്ന പക്ഷം ഈ കാര്യാലയത്തിൽ നിന്നും വിടുതൽ ചെയ്യുന്നതിന് തടസ്സമില്ലെന്ന വസ്തുതയും അറിയിക്കുന്നു.

ഉള്ളടക്കം: മേൽ സൂചിപ്പിച്ചത് പ്രകാരം

വിശ്വസ്തതയോടെ,
(ഒപ്പ്)
കെആർ.ശ്രീകുമാർ,
അഡ്വക്കേറ്റ് ജനറലിന്റെ സെക്രട്ടറിയുടെ ചുമതലയുള്ള ജോയിന്റ് സെക്രട്ടറി,
അഡ്വക്കേറ്റ് ജനറലിനു വേണ്ടി
(ഫോൺ നമ്പർ: 0484-2564404)

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

പി.വി.ജെ-19/11

GOVERNMENT OF KERALA

**Abstract**

P&ARD—MUTUAL OR INTER-DEPARTMENTAL TRANSFER FROM ONE UNIT TO ANOTHER IN THE SAME DEPARTMENT OR FROM ONE DEPARTMENT TO ANOTHER WITHIN THE SAME SUBORDINATE SERVICE—CONDITIONS FOR GRANTING TRANSFERS TO GOVERNMENT SERVANTS OTHER THAN LAST GRADE SERVANTS—REVISED ORDERS ISSUED

---

PERSONNEL AND ADMINISTRATIVE REFORMS (ADVICE-C) DEPARTMENT

**G. O. (P) No. 05/2013/P&ARD. Dated, Thiruvananthapuram, 6th February, 2013.**

---

*Read*:—1. G. O. (Ms.) No. 4/61/PD dated 2-1-1961.
2. G.O. (P) No. 154/71/PD dated 22-5-1971.
3. Circular No. 123746/SD5/73/PD dated 28-5-1976.
4. Circular No. 143088/SD1/76/GAD dated 11-7-1977.
5. G. O. (P) No. 442/80/GAD dated 26-9-1980.
6. G. O. (P) No. 180/81/GAD dated 3-6-1981.
7. G. O. (P) No. 36/91/P&ARD dated 2-12-1991.
8. Letter No. AV (1) 13277/2012/GW dated 3-11-2012 from the Secretary, Kerala Public Service Commission.

ORDER

It was ordered in the Government Order read as 1st paper above that mutual or Inter-departmental transfer of Government servants from one unit to another within the same Department or from one Department to another within the same subordinate service may be ordered by the Appointing Authority concerned on request subject to the condition specified therein. It was later clarified as per circular, read as 3rd and 4th paper above that the five year rule prescribed for

Inter-district transfer of Government employees in Government Order read as 2nd paper above shall be treated as applicable to all cases of Inter-departmental transfers including mutual transfers also. Again it was clarified in Government Order read as 6th paper above that the orders issued in Government Order read as 5th paper above in respect of Inter-district transfer should be applicable to Inter-departmental transfers as well.

2. However after the issue of Government Order read as 7th paper above, by which the conditions under which Inter-district transfers are to be granted are recast in supersession of all previous orders, no order has since been issued making the conditions specified therein applicable to Inter-departmental transfers also as was done in earlier occasions. As a result certain confusion is noticed to be prevalent as to whether the conditions of Government Order in the 7th paper read above, prescribed exclusively for Inter-district transfers can be made applicable as such in the case of Inter-departmental transfers also.

3. In this connection it is clarified that although certain resemblances do exist between Inter-district and Inter-departmental transfers, the conditions prescribed in Government Order read as 7th paper above, exclusively for Inter-district transfers cannot be made applicable to Inter-departmental transfers in toto. Therefore after examining the matter in detail the Government are pleased to order in supersession of relevant provisions of all existing orders and circulars that mutual or Inter-departmental transfers of Government servants, other than Last Grade Servants, from one unit to another within the same Department or from one Department to another in the same subordinate service shall hence forth be allowed only on the following conditions:

(i) No Government Servant can claim Inter-departmental transfer as a matter of right and the same will always be subject to the willingness of the Appointing Authorities concerned to spare and take the services of the Government Servant.

(ii) Inter-departmental Transfers should be made only in cases in which the posts concerned carry the same scale of pay and have the same qualification and method of appointment prescribed. No Inter-departmental transfer from a department is allowed if appointment to that department is made from a ranked list exclusively prepared for that department. Inter-departmental transfer is permissible only in the entry cadre.

(iii) A permanent person is required to relinquish his permanency. He may be permitted to retain his permanent lien in the old post until he is confirmed in the new unit or department, but he can come back to the old department only if and when

there is no vacancy for him to continue in the new unit or if for any reason his pay in the substantive post in the parent department becomes higher than the pay of the new post held by him. The benefit of Rule 8, Part II, KS&SSRs is not applicable to Inter-departmental transferees since the transfer is on his own application or not in public interest.

(iv) A person transferred to a new unit/department will take rank below the junior most in the category in the new unit or department. He/She will not be allowed to count his previous service towards seniority in the new unit/department. He/She will have to commence and complete probation afresh in the new unit/ department as laid down in Rule 18 of Part II, KS&SSRs even if he/she had completed probation in the previous department before the transfer. But he/she may be allowed to count his/her previous service towards increment, leave and retirement benefits namely pension, gratuity etc.

(v) Persons transferred from one unit to another in the same department or from one department to another due to proved administrative reasons will retain all their rights in the old unit or department as the case may be.

(vi) In the case of transfer (other than those coming under item 5 above) no T.A., or joining time pay will be allowed whether at the time of first transfer or at the time of reversion to parent department.

(vii) Transfer among Departments where recruitment is made districtwise, will be allowed, even within the same district only after completion of five year service in the department from which transfer is sought.

(viii) The only exemption to the five year rule will be in cases of transfer to any other Department in the district of choice of candidates advised from a district ranked list to Headquarters vacancies in Departments which do not have any office/ post in the district of choice. Such Inter-departmental transfers can be allowed by Government with the mutual consent of the Appointing Authorities, subject to forfeiture of seniority.

(ix) However in cases where the department to which a candidate is appointed in Headquarters vacancy has an office in the district of choice but authorities concerned certifies that a vacancy is not likely to arise in the district to accommodate him/her within five years of such appointment, Inter-departmental transfer may be allowed to the candidate to any other Department in his/her district of choice in relaxation of the five year rule with the mutual consent of the Appointing Authorities after taking orders of Hon'ble Chief Minister.

19



(x). An Inter-departmental transferee will have to complete five years service in the new unit/department before securing further transfer to third unit/department. In either case he will forfeit his seniority and will have to commence probation afresh.

(xi) Only 10% of the vacancies arising in the department/district in a year in a category shall be filled up by Inter-departmental and Inter-district transfer.

(xii) Five year rule need not be insisted in the case of Inter-departmental transfer from one department to another if the recruitment to both departments is made from a common ranked list prepared statewise.

By order of the Governor,

T. J. MATHEW,
*Secretary to Government.*

To

All Heads of Departments/Appointing Authorities and Offices.
All District Collectors.
All Departments/All sections of the Secretariat including Law and Finance.
The Principal Accountant General (Audit), Kerala, Thiruvananthapuram (with C.L.).
The Accountant General (A&E), Kerala, Thiruvananthapuram (with C.L.).
The Advocate General, Kerala, Ernakulam/Thiruvananthapuram Branch (with C.L.).
The Registrar, Kerala High Court (with C.L.).
The Secretary, Kerala Public Service Commission (with C.L.)
The Secretary, Kerala Legislature Secretariat (with C.L.).
The Director, Information and Public Relations Department (for wide publicity).
Information and Public Relations (Web and News Media) Department (for uploading in the official website).
Stock File/ Office Copy.

29

GOVERNMENT OF KERALA

**Abstract**

PUBLIC SERVICES—INTER-DISTRICT TRANSFERS OF EMPLOYEES—CONDITIONS MODIFIED—ORDERS ISSUED

PERSONNEL & ADMINISTRATIVE REFORMS (ADVICE-C) DEPARTMENT

**G. O. (P) No. 36/91/P & ARD. Thiruvananthapuram, 2nd December, 1991.**

*Read:*—1. G. O. (Ms.) 331/76/PD dated 27-9-1976.

2. G. O. (Ms.) 442/80/GAD dated 26-9-1980.

3. G. O. (Ms.) 180/81/GAD dated 3-6-1981.

4. Circular No. 112960/SD1/82/GAD dated 18-12-1982.

5. Circular No. 476/Adv. C3/88/P&ARD dated 22-2-1988.

ORDER*

While introducing the system of district-wise recruitment to common category/lower category posts in various departments in 1971, Government had stipulated that a person recruited from a district-wise rank list will not be transferred to another district before completion of five years in the district of recruitment and that on transfer to the district of his choice, after five years, he will take rank as the juniormost in the new district. In course of time this condition was relaxed and transfers from one district to another within the erstwhile Malabar and Travancore-Cochin areas were permitted. The five year ban now exists only in respect of transfers from a district in Malabar to Travancore-Cochin area and vice versa.

2. Government have been receiving many complaints of indiscriminate tansfers ordered by many appointing authorities to the detriment of those in PSC rank lists. It has, therefore, become necessary to review the existing system with a view to safeguarding the interest of rank holders in PSC lists awaiting PSC advice.

* Published in the Kerala Gazette No. 3 dated 21st January, 1992.

3. Under the District Recruitment Scheme a candidate can choose anyone district for the purpose of making an application. A candidate choosing a particular district should, therefore, make his option carefully and he should be prepared to work in that district. Normally, any candidate will choose the district, most convenient to him.

4. Government have weighed the interests of the candidates in PSC rank lists and those who have already secured appointment seeking transfers to districts other than those opted by them. They are of the view that the sanctity of PSC lists have to be protected against distortion by indiscriminate transfers of those who have already secured appointments, to the detriment of those in PSC rank lists. They, therefore, order in supersession of the existing orders, that hereafter inter-district transfers will be allowed only on the following conditions:—

(i) Such transfers will be allowed only after completion of five years' service in the district of recruitment. The only exceptions to this rule will be the cases of transfer to the district of choice, of candidates advised from district rank lists to headquarters vacancies and that of near relatives/dependents of serving soldiers/soldiers killed in action or died while on duty in field/forward areas. Periods of service spent on deputation in a different district will not be reckoned as service for this purpose.

(ii) Any inter-district transfer except the one, of candidates advise to headquarters vacancies to the district of his choice will entail loss of seniority. Service prior to the transfer will count towards increment, leave and pension benefits.

5. Relaxation of the five year rule in very exceptional cases that need sympathetic consideration will require the approval of the Council of Ministers. Cases should not be proposed for relaxation in a routine manner. There should be clear justifying grounds supported by the report of the District Collector of the district to which transfer is sought for. Proposal for relaxation in such cases shall be routed through Chief Secretary.

6. Only 10% of the vacancies arising in the district in an year in a category in a Department shall be filled up by inter-district transfer, including relaxation cases and cases of near relatives/dependents of soldiers.

By order of the Governor,

P. SHANMUGASUNDARAM,
*Commissioner and Secretary to Government.*

To

All Commissioner and Secretaries/Secretaries to Government.
All Officers of and above the rank of Under Secretary to Government.
All Departments (All Sections) of the Secretariat including Law and Finance.
All Heads of Departments/appointing authorities and Offices.
All District Collectors.
The Secretary, Kerala Public Service Commission (with C. L.).
The Registrar, High Court of Kerala, Ernakulam (with C. L.).
The Registrar, University of Kerala/Kochi/Kozhikode (with C. L.).
The Registrar, Mahathma Gandhi University, Kottayam (with C. L.).
The Registrar, Kerala Agricultural University, Thrissur (with C. L.).
The General Manager, K.S.R.T.C., Thiruvananthapuram (with C. L.).
The Secretary, Kerala State Electricity Board (with C. L.).
The Secretary, Legislature Secretariat (with C. L.).
The Advocate General, Ernakulam (with C. L.).
The Private Secretary to the Chief Minister and other Ministers.
The Private Secretary to the Leader of Opposition, Cantonment House, Thiruvananthapuram.
The Private Secretary to the Speaker, Legislative Assembly, Thiruvananthapuram.
The Private Secretary to the Governor, Raj Bhavan, Thiruvananthapuram.
The Deputy Secretary to the Chief Secretary.
The Director of Public Relations.
The Stock file/Office copy.

---

23

# കേരള സർക്കാർ

സംഗ്രഹം

പബ്ലിക് സർവ്വീസസ്—ജീവനക്കാര്യം—വിവിധ വകുപ്പുകളിലെ ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകളിലെ നിയമനം—കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ—സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്

**സ. ഉ. (പി) നമ്പർ 29/2016/ഉ.ഭ.പ.വ. തിരുവനന്തപുരം, 2016 നവംബർ 1.**

---

പരാമർശം:—1. 27-5-1971-ലെ സ.ഉ. (കയ്യെഴുത്ത്) 154/71/പി.ഡി. നമ്പർ ഉത്തരവ്.

2. 26-9-1980-ലെ സ.ഉ. (കയ്യെഴുത്ത്) 442/80/പൊ.ഭ.വ. നമ്പർ ഉത്തരവ്.

3. 31-7-1982-ലെ 155187/എസ്.ഡി.1/81/പൊ.ഭ.വ. നമ്പർ സർക്കുലർ.

4. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 22-8-2016-ലെ AV(1)13277/12/GW നമ്പർ കത്ത്.

## ഉത്തരവ്

വിവിധ തസ്തികകളിലേക്ക് ജില്ലാതല നിയമനം നടത്തുന്ന വകുപ്പുകളിൽ ഹെഡ്ക്വാർട്ടേഴ്സിൽ ഉണ്ടാകുന്ന ഒഴിവുകൾ എല്ലാ ജില്ലകളിൽ നിന്നും റൊട്ടേഷൻ ക്രമം പാലിച്ച് നികത്തേണ്ടതാണെന്നും ഇതിനായുള്ള റൊട്ടേഷൻ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കേണ്ടതാണെന്നും പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാമർശം രണ്ടിലേയും മൂന്നിലേയും സർക്കാർ ഉത്തരവും സർക്കുലറും പ്രകാരം ഹെഡ്ക്വാർട്ടേഴ്സിൽ ഉണ്ടാകുന്ന ഒഴിവ് മാത്യ ജില്ലയ്ക്ക് അർഹതപ്പെട്ട

24



ഒഴിവായതിനാൽ പ്രസ്തുത ജില്ലയിലെ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ജില്ലാതല ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും ഇപ്രകാരം പ്രസ്തുത ജില്ലയുടെ ടേൺ നഷ്ടമാകുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

2. എന്നാൽ ജില്ലാതല നിയമനം നടത്തുന്ന പല വകുപ്പുകളിലും ഹെഡ്ക്വാർട്ടേഴ്സിൽ വിവിധ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ സ്ഥലംമാറ്റം, തസ്തികമാറ്റം/പ്രൊമോഷൻ എന്നിവ മുഖേന മാനദണ്ഡമൊന്നും പാലിക്കാതെ നികത്തിവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു:

(i) ഓരോ വകുപ്പിലേയും ഹെഡ്ക്വാർട്ടേഴ്സിൽ വിവിധ തസ്തികകളുടെ എൻട്രി കേഡറിൽ ഉണ്ടാകുന്ന ഒഴിവുകൾ ജില്ലകൾക്ക് അർഹതപ്പെട്ടതായതിനാൽ പ്രസ്തുത ഒഴിവുകൾ ജില്ലകൾക്ക് നിശ്ചയിച്ചിട്ടുള്ള റൊട്ടേഷൻ ക്രമം പ്രകാരം വീതം വച്ചു നൽകുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ii) ആസ്ഥാന ഒഴിവിലേക്ക് നിയമന ശിപാർശ ചെയ്യപ്പെട്ട ഉദ്യോഗാർത്ഥി അനുവദിക്കപ്പെട്ടിട്ടുള്ള തീയതിക്കുള്ളിൽ ജോലിയിൽ പ്രവേശിക്കാത്തപക്ഷം ടിയാന്റെ എൻ. ജെ. ഡി. ഒഴിവ്, ടി ഉദ്യോഗാർത്ഥി ഏതു ജില്ലയിൽ നിന്നാണോ നിയമന ശിപാർശ ചെയ്യപ്പെട്ടത് അതേ ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(iii) ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ നിയമിതനാകുന്ന ജീവനക്കാരന് തന്റെ മാതൃ ജില്ലയിലേക്ക് (ഏതു ജില്ലയിലെ റാങ്ക് ലിസ്റ്റിൽ നിന്നാണോ നിയമന ശിപാർശ ചെയ്യപ്പെട്ടത് ആ ജില്ലയെയാണ് മാതൃ ജില്ലയായി കണക്കാക്കേണ്ടത്) സ്ഥലംമാറ്റം ലഭിക്കുന്നത് മുഖേന നിലവിൽ വരുന്ന ഒഴിവ് അതേ ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. അന്തർവകുപ്പ് സ്ഥലംമാറ്റം മുഖേന എൻട്രി കേഡറിൽ നിലവിൽ വരുന്ന ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകളുടെ കാര്യത്തിലും ഈ നിബന്ധന പാലിക്കേണ്ടതാണ്. ഉദ്യോഗസ്ഥന്റെ സ്ഥലംമാറ്റം സംബന്ധിച്ച വിശദാംശങ്ങൾ അർത്ഥനാപത്രത്തിലെ (Proforma) ബന്ധപ്പെട്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

25



(iv) എൻട്രി കേഡറിലെ ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകൾ സ്ഥലംമാറ്റം, തസ്തികമാറ്റം/പ്രൊമോഷൻ എന്നിവ മുഖേന നികത്തുവാൻ പാടുള്ളതല്ല. ഒരിക്കൽ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തുകഴിഞ്ഞ ആസ്ഥാന ഒഴിവുകൾ റദ്ദാക്കുവാനോ അവയുടെ എണ്ണം കുറയ്ക്കുവാനോ പാടില്ല.

(v) വിരമിക്കൽ, ഉദ്യോഗക്കയറ്റം, മാതൃ ജില്ലയിലേക്ക് അല്ലാതെയുള്ള സ്ഥലംമാറ്റം, ഡെപ്യൂട്ടേഷൻ, ശൂന്യവേതനാവധി, മെറ്റേർണിറ്റി ലീവ്, തസ്തിക സൃഷ്ടിക്കൽ, മരണം മുഖേന ഉണ്ടാകുന്ന ഒഴിവ്, ഉദ്യോഗം രാജിവയ്ക്കൽ, മറ്റൊരു ജോലിയിൽ പ്രവേശിക്കുന്നതിനായി വിടുതൽ ചെയ്യൽ, ലാവണം (Lien) ഉള്ള ഉദ്യോഗത്തിലേക്ക് തിരികെ പോകൽ, ആസ്ഥാന ഒഴിവിലെ എൻട്രി കേഡറിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥന് ഉദ്യോഗക്കയറ്റത്തോടൊപ്പം മാതൃ ജില്ലയിലേക്കോ മറ്റ് ജില്ലകളിലേക്കോ സ്ഥലംമാറ്റം ലഭിക്കുക തുടങ്ങിയ കാരണങ്ങൾ മുഖേന ഹെഡ്ക്വാർട്ടേഴ്സിൽ എൻട്രി കേഡറിൽ നിലവിൽ വരുന്ന ഒഴിവുകൾ ഫ്രഷ് ഒഴിവുകൾ ആയി കണക്കാക്കി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഒഴിവുകൾ നിലവിൽ വരുവാനുണ്ടായ കാരണം വ്യക്തമായി അർത്ഥനാപത്രത്തിലെ (Proforma) ബന്ധപ്പെട്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

(vi) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ ഒരു പ്രൊഫോർമയിൽ ഒന്നിൽ കൂടുതൽ തസ്തികകൾ ഉൾപ്പെടുത്തുവാൻ പാടുള്ളതല്ല. വ്യത്യസ്ത തസ്തികകളുടെ വിശദാംശങ്ങൾ വെവ്വേറെ പ്രൊഫോർമകളിൽ ഉൾപ്പെടുത്തി പ്രത്യേകം ആമുഖ കത്ത് സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്. എന്നാൽ ഒരു പ്രൊഫോർമയിൽ ഒരു തസ്തികയുടെ ഒന്നിൽ കൂടുതൽ ഒഴിവുകൾ ഉൾപ്പെടുത്താവുന്നതാണ്.

3. എല്ലാ വകുപ്പദ്ധ്യക്ഷന്മാരും, നിയമനാധികാരികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഇക്കാര്യം കർശനമായി പാലിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സത്യജീത് രാജൻ,

*പ്രിൻസിപ്പൽ സെക്രട്ടറി.*

എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ (ആമുഖ കത്ത് സഹിതം).

